**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1729** **29-09-2025 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ മണ്ഡലത്തിൽ കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പെരിന്തൽമണ്ണ മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് ഇതുവരെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ; | (എ) | **പെരിന്തൽമണ്ണ മണ്ഡലത്തിലെ ആലിപ്പറമ്പ്, ഏലംകുളം, താഴെക്കോട്, പുലാമന്തോൾ, വെട്ടത്തൂർ എന്നീ പഞ്ചായത്തുകളെയാണ് കേരഗ്രാമം പദ്ധതിയിൽ ഇതുവരെ ഉൾപ്പെടുത്തിയത്.** |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവൃത്തികളാണ് മണ്ഡലത്തിൽ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | **ആലിപ്പറമ്പ് പഞ്ചായത്ത്**<br><br>പദ്ധതി പ്രകാരം 43750 തെങ്ങുകൾക്ക് തടം തുറന്നു.<br><br>രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റൽ, തെങ്ങിൻ മണ്ട വൃത്തിയാക്കൽ എന്നിവ ചെയ്തു.<br><br>മൈക്രോ ഇറിഗേഷൻ ഉൾപ്പെടെയുള്ള ജലസേചന പദ്ധതികൾ വഴി പമ്പ്സെറ്റ് വിതരണം നടത്തി.<br><br>തെങ്ങ്കയറ്റ യന്ത്രങ്ങൾ വിതരണം ചെയ്തു.<br><br>പൊട്ടാഷ്, ലൈം, ഡോളമൈറ്റ്, ബോറോൺ എന്നിവ വിതരണം ചെയ്തു.<br><br>കേര സമിതി മുഖേന കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി എന്നിവയ്ക്കുള്ള ഫിറമോൺ ട്രാപ്പുകൾ വിതരണം ചെയ്തു.<br><br>കീട നിയന്ത്രണത്തിന് മെറ്റാറൈസിയം വിതരണം ചെയ്തു.<br><br>ഏലംകുളം പഞ്ചായത്ത്<br><br>പദ്ധതി പ്രകാരം 43750 തെങ്ങുകൾക്ക് തടം തുറന്നു.<br><br>രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി.<br><br>മൈക്രോ ഇറിഗേഷൻ ഉൾപ്പെടെയുള്ള ജലസേചന പദ്ധതികൾ വഴി പമ്പ്സെറ്റ് വിതരണം നടത്തി.<br><br>തെങ്ങ്കയറ്റ യന്ത്രങ്ങൾ വിതരണം ചെയ്തു. |

| | | | |
|---|---|---|---|
| | | | മഗ്നീഷ്യം സൾഫേറ്റ്, കുമ്മായം എന്നിവ വിതരണം ചെയ്തു.<br><br>ഇടവിളക്കൃഷിക്ക് പ്രോത്സാഹനം നൽകി<br><br>**<u>താഴെക്കോട് പഞ്ചായത്ത്</u>**<br><br>പദ്ധതി പ്രകാരം 43750 തെങ്ങുകൾക്ക് തടം തുറന്നു.<br><br>രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റൽ,തെങ്ങിൻ മണ്ട വൃത്തിയാക്കൽ എന്നിവ ചെയ്തു.<br><br>മൈക്രോ ഇറിഗേഷൻ ഉൾപ്പെടെയുള്ള ജലസേചന പദ്ധതികൾ വഴി പമ്പ്സെറ്റ് വിതരണം നടത്തി.<br><br>തെങ്ങ്കയറ്റ യന്ത്രങ്ങൾ വിതരണം ചെയ്തു.<br><br>മഗ്നീഷ്യം സൾഫേറ്റ് ,കുമ്മായം, ബോറോൺ എന്നിവ വിതരണം ചെയ്തു.<br><br>കേര സമിതി മുഖേന ഡ്രൈയർ വിതരണം ചെയ്തു.<br><br>**<u>വെട്ടത്തൂർ പഞ്ചായത്ത്</u>**<br><br>പദ്ധതി പ്രകാരം 17500 തെങ്ങുകൾക്ക് തടം തുറന്നു<br><br>തെങ്ങ്കയറ്റ യന്ത്രങ്ങൾ വിതരണം ചെയ്തു.<br><br>കുമ്മായം, ജൈവവളം എന്നിവ വിതരണം ചെയ്തു.<br><br>**<u>പുലാമന്തോൾ പഞ്ചായത്ത്</u>**<br><br>പദ്ധതി പ്രകാരം 17500 തെങ്ങുകൾക്ക് തടം തുറന്നു<br><br>രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി.<br><br>മൈക്രോ ഇറിഗേഷൻ ഉൾപ്പെടെയുള്ള ജലസേചന പദ്ധതികൾ വഴി പമ്പ്സെറ്റ് വിതരണം നടത്തി.<br><br>തെങ്ങ്കയറ്റ യന്ത്രങ്ങൾ വിതരണം ചെയ്തു.<br><br>മഗ്നീഷ്യം സൾഫേറ്റ്, പൊട്ടാഷ്, കുമ്മായം, ബോറോൺ എന്നിവ വിതരണം ചെയ്തു |
| (സി) | മണ്ഡലത്തിലെ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് കേരഗ്രാമം പദ്ധതി ഇതുവരെ നടപ്പാക്കാത്തതെന്നും അവിടെയെല്ലാം പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ? | (സി) | മേലാറ്റൂർ പഞ്ചായത്ത്, പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടില്ല. പദ്ധതി മാനദണ്ഡങ്ങൾക്ക് വിധേയമായും ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ചും ടി പ്രദേശങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ